"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - കണ്ണൂർ ജില്ല - മാടായി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് ശ്രീ.മോറിസ് മനോജ് - പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.88/2026/LSGD തീയതി,തിരുവനന്തപുരം, 12-01-2026

പരാമർശം:-

1. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.05.2018ലെ ഇ1- 4343/14 നമ്പർ നടപടിക്രമങ്ങൾ
2. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.04.2019ലെ DDP-KNR/373/2019-E1 നമ്പർ നടപടിക്രമങ്ങൾ
3. തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ ജോയിന്റ് ഡയറക്ടറുടെ 02.12.2023ലെ LSGD/JD/KNR/4251/2023-A3 നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.10.2025ലെ LSGD/PD/24606/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.മോറിസ് മനോജിന്റെ പ്രൊബേഷൻ കാലയളവ് 11.05.2021 മുതൽ 25.09.2021 വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. മുൻ പഞ്ചായത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡായിരുന്ന ശ്രീ. മോറിസ് മനോജ് -ന് പരാമർശം (1) പ്രകാരം ഓഫീസ് അറ്റൻൻറ്റ് തസ്തികയിൽ നിന്നും ബൈടാൻസ്പർ പ്രൊമോഷൻ വഴി ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിക്കുകയും ടിയാൻ 11/05/2018 പൂർവാഹ്നം ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. മോറിസ് മനോജ് -ന്റെ ക്ലാർക്ക് തസ്തികയിലെ സേവനം 11/05/2018 തീയതി പ്രാബല്യത്തിൽ പരാമർശം (2) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും ടിയാന്റെ സേവനം തൃപ്തികരമാണെന്നും ടിയാൻ നിരീക്ഷണകാലത്തെ ബാധിക്കുന്ന അവധികൾ എടുത്തിട്ടില്ല എന്നും മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ. മോറിസ് മനോജ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം. ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ നിരീക്ഷണ കാലയളവ് പരാമർശം (3) പ്രകാരം 11/05/2020 മുതൽ 10/05/2021 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൾ പി.എഫ് , എസ്.എൽ.ഐ, ജി.ഐ.എസ് എന്നിവയിൽ അംഗത്വമെടുക്കുകയും 23/09/2021 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 23.09.2021 ൽ എം ഒ പി പരീക്ഷ പാസ്സായ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.മോറിസ് മനോജിന്റെ പ്രൊബേഷൻ 24.09.2021 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 11.05.2021 മുതൽ 25.09.2021 വരെ വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കണ്ണൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,മാടായി ഗ്രാമപഞ്ചായത്ത്ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.മോറിസ് മനോജ് , ക്ലർക്ക് , മാടായി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.257/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 12-01-2026 12:13:25